പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1982

11.02.2020-ൽ മറുപടിക്ക്

## മുത്തൂറ്റ് ഫൈനാൻസ്

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | മുത്തൂറ്റ് ഫൈനാൻസ് ഓഫീസിൽ ജോലി ചെയ്യാൻ തയ്യാറായി എത്തുന്ന ജീവനക്കാർക്ക് നേരെ കായികമായി ആക്രമണമുണ്ടാകില്ലെന്ന് ഉറപ്പ് വരുത്തണമെന്ന് ഹൈക്കോടതി പോലീസിന് നിർദ്ദേശം നൽകിയതിന്റെ അടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ എം.ഡി.യെ സമരക്കാർ കല്ലെറിഞ്ഞ് പരിക്കേല്പ്പിച്ച സംഭവം പരിശോധിക്കുകയുണ്ടായോ; | (എ) | മുത്തൂറ്റ് എം.ഡിയെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം. 20/2020 U/s 143, 147, 324, 427, 188 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നുണ്ട്. |
| (ബി) | നിക്ഷേപകർക്കെതിരായ ഇത്തരം ചെയ്തികൾ സംസ്ഥാനത്തെ വ്യവസായ വളർച്ചക്ക് ഗുണം ചെയ്യുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ബി) യും (സി) യും | ഇതൊരു ഒറ്റപ്പെട്ട സംഭവം മാത്രമായതിനാൽ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയെ ബാധിക്കുമെന്ന് സർക്കാർ കരുതുന്നില്ല. |
| (സി) | ഒരു വശത്ത് നിക്ഷേപക സംഗമവും മറുവശത്ത് നിക്ഷേപകരെ തളർത്തുന്ന ഇത്തരം സമീപനവും നിക്ഷേപകാനുകൂല സാഹചര്യത്തിന്റെ കാര്യത്തിൽ നമ്മുടെ പിന്നോക്കാവസ്ഥ വർദ്ധിപ്പിക്കാനേ ഉതകൂ എന്ന് സർക്കാർ കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ